ഭരണഭാഷ... മാതൃഭാഷ

**ICDS.B.2.6541/2020**

വനിതാശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 08.05.2020
E mail- swdicds@gmail.com

വനിതാശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

മാഡം,

വിഷയം :- വനിതാശിശു വികസന വകുപ്പ് - ഐ.സി.ഡി.എസ്. പ്രീ-സ്കൂൾ ആക്ടിവിറ്റീസ് തീം - റെക്കോർഡ് ചെയ്ത് നല്കുന്നത് സംബന്ധിച്ച്.

സൂചന :- ബഹു.ഡയറക്ടറുടെ 06.05.2020 ലെ നിർദ്ദേശം

കോവിഡ് -19 വൈറസ് വ്യാപനത്തെ തുടർന്ന് സംസ്ഥാനത്തെ അങ്കണവാടികളിൽ വന്നിരുന്ന കുട്ടികൾക്ക് പ്രീ-സ്കൂൾ സേവനം ലഭിയ്ക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയത് പരിഹരിയ്ക്കുന്നതിന് അങ്കണവാടി പ്രവർത്തകർ വഴി പ്രീ-സ്കൂൾ ആക്ടിവിറ്റീസ് online ആയി അവരുടെ വീട്ടിൽ എത്തിയ്ക്കുന്നതിന് വീഡിയോ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 30 തീമുകളുടെ ആക്ടിവിറ്റീസ് മൊബൈൽ ഫോൺ വഴി വീഡിയോ ആയി റെക്കോർഡ് ചെയ്യുന്നതിനായി ചുവടെ പട്ടികയിൽ പറയും പ്രകാരം എല്ലാ ജില്ലകളും 2 തീം വച്ച് റെക്കോർഡ് ചെയ്ത് ഈ കാര്യാലയത്തിൽ അയച്ചു തരുന്നതിന് നിർദ്ദേശിയ്ക്കുന്നു. തിരുവനന്തപുരം ജില്ലയിൽ നിന്നും പക്ഷികൾ എന്ന തീം അനുസരിച്ച് ഷൂട്ട് ചെയ്ത വീഡിയോ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് മോഡലായി സ്വീകരിച്ച് വീഡിയോകൾ തയ്യാറാക്കാവുന്നതാണ്. 'അങ്കണത്തൈമാവ്' അടിസ്ഥാനമാക്കി വേണം ആക്ടിവിറ്റീസിന് മുൻഗണന നല്കേണ്ടത്.

| ക്രമ നം. | ജില്ല | തീം |
|---|---|---|
| 1. | തിരുവനന്തപുരം | 6- പച്ചക്കറികൾ<br>15- പക്ഷികൾ |
| 2. | കൊല്ലം | 1 – കുട്ടിയും കുടുംബവും<br>2 – വീടും പരിസരവും |
| 3. | പത്തനംതിട്ട | 3 – ഞാനും എന്റെ ശരീരവും<br>4 – മഴയും കാലാവസ്ഥയും |
| 4. | ആലപ്പുഴ | 5 – പഴങ്ങൾ<br>7 – സ്വാതന്ത്ര്യദിനം/ റിപ്പബ്ലിക് ദിനം |
| 5. | കോട്ടയം | 8 – ചെടികളും വൃക്ഷങ്ങളും<br>9 – പൂക്കളും പൂന്തോട്ടവും |

| | | |
|---|---|---|
| 6. | ഇടുക്കി | 10 – തിരുവോണം<br>11 – റംസാൻ |
| 7. | എറണാകുളം | 12- വളർത്തു ജീവികൾ<br>13 – വനം, വന്യജീവികൾ<br>14 – ഗാന്ധി ജയന്തി |
| 8. | തൃശ്ശൂർ | 16 – പ്രാണികൾ<br>17- ശിശുദിനം |
| 9. | പാലക്കാട് | 18- വാഹനങ്ങൾ<br>19- എന്റെ ഗ്രാമം |
| 10. | മലപ്പുറം | 23 – തൊഴിൽ<br>24 - കൃഷി |
| 11. | കോഴിക്കോട് | 20 – ക്രിസ്മസ്<br>21 – ആഹാരം<br>22 – രോഗങ്ങളും ആശുപത്രിയും |
| 12. | വയനാട് | 25 – പ്രകൃതി സംരക്ഷണം<br>26 – വാർത്താ മാധ്യമങ്ങൾ |
| 13. | കണ്ണൂർ | 27 – ആരാധനാലയങ്ങൾ<br>28 – ഉത്സവങ്ങൾ |
| 14. | കാസർകോഡ് | 29 – കലകൾ<br>30 – കളിയും കളിപ്പാട്ടവും |

ആയതിനാൽ ഓരോ ജില്ലയിൽ നിന്നും പ്രോഗ്രാം ആഫീസർമാരുടെ നേതൃത്വത്തിൽ ഇതിനായി ഒരു പ്രത്യേക ടീം രൂപീകരിയ്ക്കേണ്ടതും ഓരോ തീമിനും തീം കലണ്ടർ മാതൃകയിൽ എല്ലാ വികാസ മേഖലകളും ഉൾക്കൊണ്ട് പ്രവർത്തനങ്ങൾ ചിത്രീകരിയ്ക്കേണ്ടതുമാണ്. ഓരോ ദിവസത്തേയും activities കഴിയുമ്പോൾ അന്ന നടന്ന പ്രവർത്തനങ്ങൾ ഏതൊക്കെ മേഖലകളിൽ വികാസം കുട്ടികൾക്ക് ഉണ്ടാകാൻ ലക്ഷ്യമിടുന്നു എന്ന അറിവും അടുത്ത ദിവസത്തെ പ്രവർത്തനങ്ങൾക്കായി രക്ഷിതാവ് എടുക്കേണ്ട തയ്യാറെടുപ്പുകൾ സംബന്ധിച്ചും തയ്യാറാക്കി വയ്ക്കേണ്ട സാധന സാമഗ്രികൾ സംബന്ധിച്ചും ഉള്ള നിർദ്ദേശം രക്ഷിതാക്കൾക്ക് നല്കേണ്ടതാണ്. എല്ലാ ജില്ലകളിൽ നിന്നും തയ്യാറാക്കുന്ന വീഡിയോ 10 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ഇ-മെയിലായി(E mail- wcditcell@gmail.com) സമർപ്പിയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Nisha.V.R

**വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി**

**ഉള്ളടക്കം : മാർഗ്ഗനിർദ്ദേശങ്ങൾ**

## മാർഗ്ഗ നിർദ്ദേശങ്ങൾ

1. ഇ.സി.സി.ഇ. തീം അനുസരിച്ചാണ് വീഡിയോ തയ്യാറാക്കേണ്ടത്. അതിൽ കുട്ടികളുടെ 5 പ്രധാന വികാസ മേഖലകളെ അടിസ്ഥാനമാക്കിയാണ് ഓരോ ദിവസത്തെ പ്രവർത്തനം തയ്യാറാക്കേണ്ടത്.

2. 3 മുതൽ 6 വയസ്സുവരെ പ്രായക്കാരായ സംസ്ഥാനത്തെ മുഴുവൻ കുട്ടികളെയും ഉൾക്കൊണ്ടുവേണം പ്രവർത്തനങ്ങൾ തയ്യാറാക്കേണ്ടത്. സംബോധനയിൽ അങ്കണവാടി എന്ന രീതിയിൽ മാത്രം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. അതത് ജില്ലാതലത്തിൽ പ്രോഗ്രാം ഓഫീസർ നേതൃത്വം നൽകുന്ന CDPO, സൂപ്പർവൈസർ , വർക്കർ എന്നിവരുൾപ്പെട്ട ഒരു ടീം ജില്ലാതലത്തിൽ ഇതിന്റെ കോ ഓർഡിനേഷൻ ചുമതല നിർവഹിക്കേണ്ടതാണ്.

4. തീം അവതരണത്തിന് അനുയോജ്യമായ പഠനോപകരണങ്ങളും, ചാർട്ടുകളുടെയും ചിത്രങ്ങളുടെയും മാതൃകകൾ എന്നിവ ആകർഷകമായ രീതിയിൽ പ്രദർശിപ്പിക്കുന്നതിനായി തയ്യാറാക്കേണ്ടതാണ്.

5. കഥ അവതരണത്തിനായി Flash card, rolograph, short story chart, കഥാഗാനങ്ങൾ തിയേറ്റർവർക്ക് (കഥ) എന്നിവയ്ക്ക് അനുയോജ്യമായവിധം തീം അവതരണം ഉൾപ്പെടുത്താവുന്നതാണ്.

6. ക്ലാസ്സ് റൂമിൽ കുട്ടികളെ പഠിപ്പിക്കുന്ന രീതിയിൽ തൻമയത്വത്തോടെ തീം അവതരിപ്പിക്കേണ്ടതാണ്.

7. 3-4, 4-5, 5-6 എന്നീ പ്രായത്തിലുള്ള കുട്ടികളെ പരിഗണിക്കുന്ന വിധത്തിലായിരിക്കണം പഠന പ്രവർത്തനം തയ്യാറാക്കേണ്ടത്.

8. എല്ലാ വികസന മേഖലകളും ഉൾപ്പെടത്തക്ക രീതിയിലും ഒരു സീനിന്റെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന രീതിയിലും ആയിരിക്കണം തീം അവതരണത്തിന് തയ്യാറാക്കേണ്ടത്.

9. പപ്പറ്റ്, ഡ്രാമറ്റൈസേഷൻ, all role play എന്നിവയ്ക്ക് ആവശ്യമായ പാവകൾ, മുഖംമൂടികൾ എന്നിവ തീം അവതരണത്തിനായി സജ്ജമാക്കിയിരിക്കേണ്ടതാണ്.

10. തീം അവതരണത്തിന് പങ്കെടുക്കുന്നവർ നിർബന്ധമായി യൂണിഫോം സാരി ധരിച്ചിരിക്കേണ്ടതാണ്.

*JJ//*

11. മാതൃക കാണിക്കുന്ന ചിത്രങ്ങൾക്ക് മിനിമം A4 സൈസ് വലിപ്പം ഉണ്ടായിരിക്കണം.

അവ ആകർഷകമായ രീതിയിൽ തീം അവതരണത്തിനായി കൊണ്ടുവരേണ്ടതാണ്.

12. ഒരു തീമിന്റെ രണ്ടാഴ്ചത്തെ ഉള്ളടക്കമായി പ്രവർത്തനങ്ങൾ ആണ് ഫിലിം ചെയ്യേണ്ടത്. ഓരോ ദിവസം 5 പ്രവർത്തനങ്ങൾ എന്ന മുറയ്ക്ക് ആഴ്ചയിലെ 5 ദിവസങ്ങളിലായി 25 പ്രവർത്തനങ്ങൾ വീതം ആദ്യ ആഴ്ചയിലും രണ്ടാമത്തെ ആഴ്ചയിലും ( ആകെ 50 പ്രവർത്തനങ്ങൾ) ഉണ്ടായിരിക്കും. ഇവയിൽ 2 വീതം പ്രവർത്തനങ്ങൾ ക്ളബ്ബ് ചെയ്ത് ആകെ 25 പ്രവർത്തനങ്ങളാക്കി വീഡിയോ ക്ളിപ്പിംഗ് തയ്യാറാക്കേണ്ടതാണ്.

13. നിലവിൽ വിക്ടേഴ്സ് ചാനൽ 8-8.30 **a.m** വരെയുള്ള ½ മണിക്കൂർ **slot** ആണ് നൽകിയിട്ടുള്ളത്. ഇങ്ങനെ തയ്യാറാക്കുന്ന വീഡിയോ ക്ലിപ്പിംഗിന് 20-25 മിനിറ്റ് ദൈർഘ്യം ഉണ്ടായിരിക്കണം.

14. You tube വഴി സംപ്രേഷണം ചെയ്യുമ്പോൾ 5 ആക്റ്റിവിറ്റി ഒരു ദിവസം എന്ന് പറയേണ്ടതില്ല.

15. എല്ലാ വികസന മേഖലകളും ഉൾപ്പെടത്തക്ക രീതിയിലായിരിക്കണം തീമിന്റെ ഉള്ളടക്കം തയ്യാറാക്കേണ്ടത്.

16. പ്രീ-റീഡിംഗ്, പ്രീ-റൈറ്റിംഗ്, പ്രീ-മാത്തമാറ്റിക്സ്, കുട്ടികളുടെ ക്രിയാത്മകത, ജിജ്ഞാസ, സയൻറിഫിക്, ശാസ്ത്ര പരിചയം, നിരീക്ഷണം, പരീക്ഷണം എന്നിവ ഉണരുന്ന തരത്തിലുള്ള ഉള്ളടക്കം 'പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്.

17. സാമൂഹിക വൈകാരിക വികസനത്തിനുള്ള ഉത്തേജനം ലഭിക്കുന്നതിന്റെ ഭാഗമായി രുചി, സ്പർശം എന്നിവയും മറ്റു ആശയങ്ങളായ ആയ ഉയരം, ഭാരം, വലുത്, ചെറുത്, ആകൃതി, നിറം എന്നിവയും പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ടതും ശാരീരിക ചാലക വികാസത്തിനുള്ള പ്രക്രിയകൾ തയ്യാറാക്കേണ്ടതും കുട്ടിയുടെ വൈകാരിക വികാസത്തിനും സാമൂഹിക വികാസത്തിനും, സൗന്ദര്യ ആസ്വാദനശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ആശയങ്ങൾ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ് .

18. ഓരോ പ്രവർത്തനത്തിനും ശേഷം രക്ഷിതാക്കൾക്ക് വർക്കർ ഒരു ഫീഡ്ബാക്ക് നൽകേണ്ടതാണ്. ഫീഡ്ബാക്ക് നൽകുമ്പോൾ ഓരോ ദിവസത്തെയും പ്രവർത്തനത്തിലുൾപ്പെട്ട വികാസ മേഖലയിൽ എന്ത് കഴിവാണ് കുട്ടി ആർജ്ജിക്കുന്നത് എന്ന് സൂചിപ്പിക്കേണ്ടതും തുടർന്ന് അടുത്ത ദിവസം പ്രീ-സ്കൂൾ

*JJ//*

നടത്തുമ്പോൾ എന്തൊക്കെ തയ്യാറെടുപ്പുകൾ നടത്തണമെന്ന് രക്ഷിതാവിനെ അറിയിക്കേണ്ടതുമാണ്.

19. അങ്കണവാടി കുട്ടികൾക്കായി തയ്യാറാക്കുന്ന ഇ.സി.സി.ഇ. പഠനം (ഓൺലൈൻ പ്രോഗ്രാം) സംസ്ഥാനതലത്തിൽ മാതൃകാപരമായി അവതരിപ്പിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

Nisha V S

വനിതാ ശിശു വികസന ഡയറക്ടർക്കു വേണ്ടി.

JJ//